തിരുവനന്തപുരത്തെ മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് വർക്ക്സ്

89 (3490)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെയും ബോർഡ് നൽകുന്ന ഓർഡറുകളെയും ആശ്രയിച്ച് നിലനിൽക്കുന്ന പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരത്തെ മെട്രോപോളിറ്റൻ എഞ്ചിനീയറിംഗ് വർക്ക്സ് ഒരു വൻതകർച്ച നേരിടുകയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിപണിയിലെ കടുത്ത മൽസര സ്വഭാവത്തെ നേരിടുവാൻ സ്വതേ പ്രാപ്തി കുറഞ്ഞ ഈ പൊതുമേഖലാ സ്ഥാപനത്തെ അവഗണിച്ചുകൊണ്ട് അന്യസംസ്ഥാനങ്ങളിലുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് കെ. എസ്.ഇ.ബി. ഓർഡറുകൾ നൽകുന്ന പ്രവണത ഒഴിവാക്കുവാൻ ദയവുണ്ടാകുമോ?

ഉത്തരം

(എ)&(ബി)കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഈ സ്ഥാപനത്തിലേക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നത് ഓപ്പൺമാർക്കറ്റിൽ നിന്നും, മൽസരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ച് അവ പരിശോധിച്ച് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വാട്ട് ചെയ്തതും, ഗുണനിലവാരമുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്നതുമായ സ്ഥാപനങ്ങൾക്ക് ഓർഡറുകൾ നൽകിയുമാണ്. സംസ്ഥാന ഉടമസ്ഥതയിലുള്ള മെട്രോപോളിറ്റൻ കമ്പനിപോലുള്ള സ്ഥാപനങ്ങൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് പ്രത്യേക ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ഇങ്ങനെ ടെൻഡറുകൾ ക്ഷണിച്ച് കരാർ ഉറപ്പിക്കുമ്പോൾ മെട്രോപോളിറ്റൻ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും പത്ത് ശതമാനം പ്രൈസ് പ്രിഫറൻസ് അനുവദിക്കുന്നുണ്ട്.

വൈദ്യുതിചാർജ് സ്വീകരിക്കുന്നതിനുള്ള ക്യാഷ് കൗണ്ടറുകളിലെ ജീവനക്കാരുടെ കുറവ്

90 (3491)ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ചാർജ് സ്വീകരിക്കുന്നതിനുള്ള ക്യാഷ് കൗണ്ടറുകളിലെ ജീവനക്കാരുടെ കുറവും ഉപഭോക്താക്കളുടെ സൗകര്യവും പരിഗണിച്ച് വൈദ്യുതി ബില്ലുകൾ അനുസരിച്ചുള്ള തുക ബാങ്കുകളിൽ അടയ്ക്കുവാൻ സൗകര്യം ചെയ്യുന്നതിനെപ്പറ്റി ആലോചിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് നടപ്പിൽ വരുത്താൻ നടപടി എടുക്കുമോ;

(സി) എന്നത്തേയ്ക്ക് നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly